**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5034** **01-11-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിൽ അടിയന്തര ശ്രദ്ധ നൽകേണ്ട കാര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ റവന്യൂ, സർവ്വേ വകുപ്പുകളിലെ വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 5.8.2021 ന് ഐ.എൽ.ഡി.എം-ൽ ചേർന്ന യോഗത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിഷൻ ആന്റ് മിഷൻ 2021-2026 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും അഭിപ്രായങ്ങളും നിവേദനങ്ങളും ശുപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി നിയമസഭാ സാമാജികരുടെ ജില്ല തിരിച്ചുള്ള യോഗം റവന്യൂ അസംബ്ലി എന്ന പേരിൽ തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ കൂടിയിട്ടുള്ളതും അതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ യോഗം 05/08/2021-ന് കൂടിയിട്ടുള്ളതുമാണ്. യോഗത്തിൽ എം.എൽ.എ ഉന്നയിച്ച ശുപാർശകളും അഭിപ്രായങ്ങളും അതുപോലെ രേഖാമൂലം സമർപ്പിച്ചവയും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുള്ളതും നിയമസഭാ സാമാജികർക്ക് തങ്ങൾ സമർപ്പിച്ചിട്ടുള്ള ആവശ്യങ്ങളുടെ പുരോഗതി ഡാഷ് ബോർഡ് വഴി വിലയിരുത്താൻ സാധിക്കുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഡാഷ് ബോർഡ് പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വിവരം നിയമസഭാ സാമാജികരെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം ഉൾപ്പെടുത്തിയ ശുപാർശകളും നിവേദനങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് ആയവ ജനോപകാരപ്രദമായ രീതിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. എം.എൽ.എ ഉന്നയിച്ച ജനകീയ വിഷയങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ ഇതുമൂലം കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത യോഗതീരുമാനങ്ങൾക്ക് അനുസൃതമായി ജനകീയ വിഷയങ്ങളിൽ കാലതാമസമില്ലാതെ | (ബി) | റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിഷൻ ആന്റ് മിഷൻ 2021-2026 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും |

| | | | |
|---|---|---|---|
| | അനുകൂല തീരുമാനങ്ങളെടുത്ത് നടപടികൾ വേഗത്തിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | | അഭിപ്രായങ്ങളും നിവേദനങ്ങളും ശുപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി നിയമസഭാ സാമാജികരുടെ ജില്ല തിരിച്ചുള്ള യോഗം റവന്യൂ അസംബ്ലി എന്ന പേരിൽ തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ കൂടിയിട്ടുള്ളതും അതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ യോഗം 05/08/2021-ന് കൂടിയിട്ടുള്ളതുമാണ്. യോഗത്തിൽ എം.എൽ.എ ഉന്നയിച്ച ശുപാർശകളും അഭിപ്രായങ്ങളും അതുപോലെ രേഖാമൂലം സമർപ്പിച്ചവയും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുള്ളതും നിയമസഭാ സാമാജികർക്ക് തങ്ങൾ സമർപ്പിച്ചിട്ടുള്ള ആവശ്യങ്ങളുടെ പുരോഗതി ഡാഷ് ബോർഡ് വഴി വിലയിരുത്താൻ സാധിക്കുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഡാഷ് ബോർഡ് പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വിവരം നിയമസഭാ സാമാജികരെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം ഉൾപ്പെടുത്തിയ ശുപാർശകളും നിവേദനങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് ആയവ ജനോപകാരപ്രദമായ രീതിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. എം.എൽ.എ ഉന്നയിച്ച ജനകീയ വിഷയങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ ഇതുമൂലം കഴിയുന്നതാണ്. |
| (സി) | പ്രസ്തുത യോഗത്തിൽ അങ്കമാലി മണ്ഡലത്തിൽ അടിയന്തര ശ്രദ്ധ നൽകേണ്ടതായി കണ്ടെത്തിയ കാര്യങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ? | (സി) | അങ്കമാലി മണ്ഡലത്തിൽ അടിയന്തര പരിഗണനയ്ക്കായി ഉൾപ്പെടുത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു. 1. അങ്കമാലിയിൽ തുറവൂർ വില്ലേജിൽ 3½ ഏക്കർ സർക്കാർ പുറമ്പോക്കുമായി ബന്ധപ്പെട്ട വിഷയം. 2. അയ്യമ്പുഴ വില്ലേജിലെ പാണ്ടുപാറയിലെ 120 ഓളം കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കൽ. 3. അങ്കമാലി വില്ലേജിലെ ഫെയർ വാല്യുവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. 4. അയ്യമ്പുഴ വില്ലേജാഫീസ് സ്മാർട്ടക്കൽ. 5. മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന സ്ഥലത്ത് പൊതു കളി സ്ഥലം നിർമ്മിക്കുന്നതിനായി അനുവാദം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ. 6. മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ കൊമറ്റം കമ്പിനിപ്പടി ഭാഗത്ത് പെരിയാറിനോട് ചേർന്ന പുറമ്പോക്ക് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ. 7. കുറുകുറ്റി വില്ലേജാഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ. 8. മണ്ഡലത്തിലെ തകർന്നു വീഴാറായ വില്ലേജാഫീസുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ. 9. ഫോർട്ട് കൊച്ചി ആർ.ഡി.ഒ. ഓഫീസ് കാക്കനാട് സിവിൽ സ്റ്റേഷനിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ. |

സെക്ഷൻ ഓഫീസർ